# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2744 — 14/12/2015 - ൽ മറുപടിക്ക്

## പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി) |
| എ) പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഞായറാഴ്ചകളിൽ ശരാശരി എത്ര രോഗികൾ ചികിത്സ തേടി എത്താറുണ്ട് ; | എ) 41 രോഗികൾ. |
| ബി) അടിയന്തര ശസ്ത്രക്രിയ നടത്തുന്നതിന് പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ സജ്ജീകരണങ്ങൾ നിലവിലുണ്ടോ ; | ബി) ഇല്ല. |
| സി) ഞായറാഴ്ചകളിൽ ഇവിടെ സിസേറിയൻ പോലുള്ള ശസ്ത്രക്രിയ നടത്താറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | സി) ഞായറാഴ്ചകളിൽ പ്രസ്തുത ആശുപത്രിയിൽ സിസേറിയൻ പോലുള്ള ശസ്ത്രക്രിയ ഇപ്പോൾ നടത്താറില്ല. ജനറൽ അനസ്തേഷ്യ കൊടുക്കുവാനുള്ള അനസ്തേഷ്യ മെഷീൻ ഇപ്പോൾ തകരാറിലായതിനാൽ പുതിയ മെഷീൻ വാങ്ങാനായി 11/09/2014-ന് ഇ.എസ്.ഐ. കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. |
| ഡി) എത്ര ഡോക്ടർമാരുടെ തസ്തികയാണ് ഇവിടെ ആകെയുള്ളത്; നിലവിൽ എത്ര ഡോക്ടർമാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട് ; | ഡി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ 28 തസ്തികകൾ ഉണ്ട്. 28 തസ്തികകളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. |
| ഇ) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ ഹാജർ രേഖപ്പെടുത്തിയ ശേഷം സ്വകാര്യ പ്രാക്ടീസിന് പോകുന്നതായി 2015 നവംബർ 16 ന് മാതൃഭൂമി | ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു. |

ന്യൂസ് ചാനലിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

ഞായറാഴ്ച ദിവസങ്ങളിൽ കാഷ്വാലിറ്റി സർവ്വീസ് മാത്രമാണ് ഉള്ളത് എന്നതിനാൽ ഇതിന് അനിവാര്യമായ മെഡിക്കൽ ഓഫീസർമാരെ മാത്രം ഡ്യൂട്ടിക്ക് നിയോഗിക്കുകയും ഒ.പി. പ്രവർത്തിക്കുന്ന മറ്റ് ദിവസങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി മറ്റ് ഡോക്ടർമാരോട് ഞായറാഴ്ച വീക്കിലി ഓഫ് എടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ